**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 693** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>റിസ്ക് ഫണ്ട് ആനുകൂല്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ വകുപ്പ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെല്ലാം ഇളവുകളാണ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സഹകരണ വകുപ്പ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ താഴെപ്പറയുന്ന ഇളവുകൾ നൽകുന്നതിന് പരിഗണനയിലുണ്ട്.

റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4 (ബി) യിലെ "വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ട്മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്നുള്ള വ്യവസ്ഥ "വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 12 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ട്മുൻപ് തുടർച്ചയായി 12 മാസത്തിൽ അധികരിച്ചും, വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്ന് ഭേദഗതി വരുത്തുന്നതിനും നിബന്ധന 4 ഡി യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സ ധനസഹായത്തിന് വായ്പാകുടിശിക ബാധകമല്ല എന്ന നിലവിലെ വ്യവസ്ഥയോടൊപ്പം നിബന്ധന 4ഡി യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെട്ട് മരണപ്പെടുന്ന വായ്പക്കാരുടെ വായ്പക്കും വായ്പകുടിശ്ശിക ബാധകമായിരിക്കുന്നതല്ല എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**